(ബി) കുണ്ടറയിൽ സബ് ട്രഷറിക്കായി ഒരു കെട്ടിടം കൊറ്റംകര പഞ്ചായത്ത് നിർമ്മിച്ചു നൽകാമെന്ന് ഏറ്റിട്ടുണ്ട്. പ്രസ്തുത കെട്ടിടം ട്രഷറി വകുപ്പിനെ ഏൽപ്പിച്ചതിനുശേഷമേ ട്രഷറി ആരംഭിക്കുന്ന തീയതി നിശ്ചയിക്കാൻ സാധിക്കുകയുള്ളു.

മാനന്തവാടി 'പഴശ്ശി കുടീരം'

66 [143] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു ഗവേഷണ വകുപ്പിന്റെ അധീനതയിലുള്ള മാനന്തവാടി ആശുപത്രിക്കടുത്ത് 'പഴശ്ശി കുടീരം' സ്ഥിതി ചെയ്യുന്ന സ്ഥലം ഇപ്പോൾ ബി. ജെ. പി.യുടെ കൈവശമാണോ;

(ബി) ഈ സ്ഥലത്ത് ബി. ജെ. പി. സ്മാരകം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ-ക്രിമിനൽ ജുഡിഷ്യറിയുടെ സംയോജനം

67 [144] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ-ക്രിമിനൽ ജുഡിഷ്യറി വീണ്ടും സംയോജിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എന്നാണ് ഇവ വേർതിരിച്ചത്;

(ഡി) ഇപ്പോൾ വീണ്ടും സംയോജിപ്പിക്കുവാനുള്ള കാരണമെന്താണ്;

(ഇ) ഈ പുതിയ സംയോജനംകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ കേരള ഹൈക്കോടതിയുടെ മുമ്പാകെ ഇത്തരമൊരു കാര്യം പരിഗണനയിലുള്ളതായി അറിയുന്നു. ഹൈക്കോടതിയിൽ നിന്നും ഇതു സംബന്ധമായ നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

(ബി, സി, ഡി, ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly